പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2820 **28-10-2026-ൽ മറുപടിയ്ക്ക്**

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം നിർമ്മാണ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ജോയി

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ വികസനത്തിനായി മുൻ സർക്കാർ ഭരണാനുമതി നൽകിയ 177 കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

മറുപടി: മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി PMMSY പദ്ധതിയിൽ ലഭ്യമായ 177.00 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രധാനഘടകമായ മുതലപ്പൊഴി ഹാർബറിലെ നിലവിലുള്ള തെക്കേ പുലിമുട്ടിന്റെ നീളം 420 മീറ്റർ കൂടി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കുന്നു. ബ്രേക്ക് വാട്ടറിന്റെ നീളം 300 മീറ്റർ വർദ്ധിപ്പിച്ച് ചെയിനേജ് 420 മീറ്ററിൽ നിന്നും 720 മീറ്റർ ആയിട്ടുണ്ട്. കരാർ പ്രകാരം 3990 എണ്ണമുള്ള 8T ടെട്രാപോഡുകളിൽ 2565 എണ്ണം കാസ്റ്റ് ചെയ്തിട്ടുണ്ട്. 2205 എണ്ണം ഡംപ് ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 2205 എണ്ണമുള്ള 10T ടെട്രാപോഡുകളിൽ 763 എണ്ണം കാസ്റ്റ് ചെയ്തിട്ടുണ്ട്. പുലിമുട്ടിന്റെ പ്രവൃത്തി 2027 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കാൻ കഴിയും. പദ്ധതിയുടെ ഭാഗമായുള്ള മറ്റ് അനുബന്ധ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) തിരുവനന്തപുരം പൂന്തുറയിൽ ഇന്ത്യയിലാദ്യമായി ജിയോട്യൂബ് ഉപയോഗിച്ച് നിർമ്മിച്ച ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി മറ്റ് തീരപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

മറുപടി: തിരുവനന്തപുരം പൂന്തുറയിൽ ഇന്ത്യയിലാദ്യമായി ജിയോട്യൂബ് ഉപയോഗിച്ച് നിർമ്മിച്ച ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി മറ്റ് തീരപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2025-26 ബഡ്ജറ്റിൽ സംസ്ഥാനത്തെ വിവിധ കടൽത്തീരങ്ങളുടെ സംരക്ഷണത്തിനായി ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യഘട്ടമായി 100 കോടി രൂപ വകയിരുത്തിയിരുന്നു. ഇതേ തുടർന്ന് കേരളസംസ്ഥാന തീരദേശ വികസന കോർപ്പറേഷനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയും (NIOT) സംയുക്തമായി സാങ്കേതിക പഠനം നടത്തുകയും സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ഫിഷ് ലാന്റിംഗുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ തീരം സംരക്ഷിക്കുന്നതിനും അധിക മത്സ്യബന്ധന ദിനങ്ങൾ സാധ്യമാക്കുന്ന തരത്തിൽ ആദ്യഘട്ടമായി കണ്ടെത്തിയ 11 പ്രദേശങ്ങൾക്കുള്ള ഡിസൈൻ തയ്യാറാക്കുകയുണ്ടായി. കടലാക്രമണം

ക്ഷമായ ശംഖുമുഖം ബീച്ച് ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ ഉപയോഗിച്ച് സംരക്ഷിക്കുന്നതിനായി 22.30 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടും, ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 11 തീരശോഷണ പ്രദേശങ്ങളായ വർക്കല (തിരുവനന്തപുരം ജില്ല), ചില്ലക്കൽ (കൊല്ലം ജില്ല), പുന്നപ്ര, പൊള്ളതായി, അന്ധകാരനാഴി (ആലപ്പുഴ ജില്ല), വൈപ്പിൻ (എറണാകുളം ജില്ല), കൈപ്പമംഗലം (തൃശ്ശൂർ ജില്ല), മുറിഞ്ഞവഴി (മലപ്പുറം ജില്ല), തിക്കോടി (കോഴിക്കോട് ജില്ല), തലായി, പാലക്കോട് (കണ്ണൂർ ജില്ല) എന്നിവിടങ്ങളിൽ ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ ഉപയോഗിച്ച് തീരസംരക്ഷണം നടപ്പിലാക്കുന്നതിനായി 77.70 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടും അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

എന്നാൽ ഒരേ പ്രദേശത്ത് വിവിധ ഏജൻസികൾ തീരസംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നത് ഫലപ്രദമല്ലാത്ത സാമ്പത്തിക വിനിയോഗമായതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറോട് മറ്റു വകുപ്പുകൾ/ഏജൻസികളുമായി കൂടിയാലോചിച്ച് നിലവിൽ സമർപ്പിച്ച പ്രോപ്പോസൽ കൂടി പരിശോധിച്ച് വിശദമായ പ്രോപ്പോസൽ പുതുക്കി സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. കൂടാതെ, Geo Synthetic Tube ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനായി, മറ്റു തീരസംരക്ഷണ പ്രവർത്തികൾ നിലവിൽ നടപ്പിലാക്കിയിട്ടില്ലാത്ത ഒരു പ്രദേശം കണ്ടെത്തി KSCADC ചീഫ് എഞ്ചിനീയർ പുതിയ ഒരു പൈലറ്റ് പ്രോജക്ട് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ തിരുവനന്തപുരം പൂന്തുറ മാതൃകയിൽ ബീച്ചുകളുടെ സംരക്ഷണത്തിനായി ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി കൊല്ലം, ചെറായി ബീച്ചുകളിൽ നടപ്പിലാക്കുന്നതിനായി 5 കോടി രൂപ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ബീച്ച് ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് 10.60 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കേരളം സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചിരുന്നു. മറ്റു ഏജൻസികൾ മുഖേന സമാന പ്രവൃത്തി നടപ്പിലാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തി, ജിയോട്യൂബ് മാത്രം ഉപയോഗിച്ചുള്ള ടി പദ്ധതിയുടെ വിശദമായ പ്രൊപ്പോസൽ IIT മദ്രാസ് മുഖേന വെറ്റ് ചെയ്ത് പുനഃസമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിഴിഞ്ഞത്ത് 271 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ മുൻ സർക്കാർ വിഭാവനം ചെയ്ത പുതിയ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ത് കാരണത്താലാണ് വൈകുന്നതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പരിസ്ഥിതി അനുമതി വ്യവസ്ഥകളുടെ ഭാഗമായി, 17.08.2015-ന് ഒപ്പുവെച്ച കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഫണ്ടഡ് വർക്കായി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, പ്രാദേശിക മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന ബോട്ടുകൾ സൂക്ഷിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നിർദിഷ്ട സ്ഥലം തുടർച്ചയായി ഉപയോഗിച്ചിരുന്നതിനാൽ പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തെത്തുടർന്ന് നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവേശന ഭാഗത്തെ തിരയിളക്കവുമായി ബന്ധപ്പെട്ട ആശങ്കകൾ മത്സ്യത്തൊഴിലാളികളും ഹാർബർ എൻജിനീയറിംഗ് വകുപ്പും ഉന്നയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽ (CWPRS) നടത്തിയ പഠനങ്ങളുടെ

അടിസ്ഥാനത്തിൽ നേരത്തെ വിഭാവനം ചെയ്തിരുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ രൂപരേഖ പരിഷ്കരിക്കേണ്ടതായി വന്നു.

തുടർന്ന് മത്സ്യത്തൊഴിലാളികളുമായി നടത്തിയ കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ, മത്സ്യബന്ധന ബെർത്തുകൾ അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ടിനോട് ചേർന്ന് വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി CWPRS-ൽ രണ്ടാംഘട്ട ഭൗതിക മാതൃകാ പഠനങ്ങൾ നടത്തി. ഈ പഠനങ്ങളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ രൂപരേഖയ്ക്ക് സർക്കാർ 27.03.2025-ന് അനുമതി നൽകി. പദ്ധതി രണ്ട് പാക്കേജുകളിലായി നടപ്പിലാക്കാൻ തീരുമാനിച്ചു.

പരിഷ്കരിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി കൺസഷൻ കരാറിലെ ആർട്ടിക്കിൾ 16-ലെ വ്യവസ്ഥകൾ പ്രകാരം 13.08.2026-ന് സർക്കാർ AVPPL-ന് Change of Scope Notice നൽകിയിട്ടുണ്ട്. പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2026 ഒക്ടോബർ 9-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുകയുണ്ടായി. പുതിയ മത്സ്യബന്ധന തുറമുഖം പരിസ്ഥിതി അനുമതിയുടെ പ്രത്യേക വ്യവസ്ഥകളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, തുറമുഖ ശേഷി വർധിപ്പിക്കുന്ന പദ്ധതിയുടെ നിശ്ചിത പൂർത്തീകരണ തീയതിയായ 31.12.2028-നകം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്.

(ഡി) മുൻ സർക്കാർ നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കുന്നതിന് പകരം കഴിഞ്ഞ അഞ്ച് മാസമായി തീരദേശ മേഖലയിലെ വികസനം പൂർണ്ണമായും സ്തംഭിപ്പിച്ചിരിക്കുകയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ പ്രവൃത്തികളും നിലവിൽ നല്ല രീതിയിൽ പുരോഗമിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ